# കേരളസർവകലാശാല

നം.പി.ആർ.169/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദം/ബി.എഡ് പ്രവേശനം 2021-22 ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 06 ന് ആരംഭിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷനും കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ. ട്രെയിനിംഗ് കോളേജുകളിലേയും ഒന്നാം വർഷ ബി.എഡ്. പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷനും സെപ്റ്റംബർ 6 ന് ആരംഭിക്കുന്നതാണ്.

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം ക്രിസ്ത്യൻ നാടാർ സംവരണത്തിൽ മാറ്റം

കേരളസർവകലാശാലയുടെ യു.ജി. പ്രോഗ്രാമിന് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിസ്ത്യൻ നാടാർ വിഭാഗത്തിലെ വിദ്യാർത്ഥികളെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം OBX കാറ്റഗറിയിൽ നിന്നും ജനറൽ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഈ വിദ്യാർത്ഥികൾക്ക് EWS സംവരണത്തിനു അർഹതയുണ്ടെങ്കിൽ അത് തങ്ങളുടെ പ്രൊഫൈലിൽ ആഗസ്റ്റ് 30 ന് മുൻപ് അപ്ഡേറ്റ് ചെയ്തു പുതിയ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതാണ്.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)

### ഒന്നാംവർഷ ബി.പി.എ. പ്രവേശനം - ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാതിതിരുനാൾ ഗവ.സംഗീത കോളേജിൽ നടത്തുന്ന ഒന്നാംവർഷ ബി.പി.എ. കോഴ്സിലേക്ക് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ എം.ഫിൽ. മാത്തമാറ്റിക്സ് (2019 - 20 ബാച്ച്) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീമിലെ 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി ബി. ടെക്. ഡിഗ്രി പരീക്ഷ - ജൂലൈ 2021 ന്റെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 31 ന് പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2013 സ്കീമിലെ 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ എട്ടാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി റെഗുലർ ജൂലൈ 2021 പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ കമ്പ്യൂട്ടർസയൻസ് വിഭാഗ ത്തിന് സെപ്റ്റംബർ 1 മുതൽ 3 വരെയും ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി വിഭാഗ ങ്ങൾക്ക് സെപറ്റംബർ 2, 3 തീയതികളിലും പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദ മായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.വി.എ. (പെയിന്റിംഗ് ആന്റ് ആർട്ട്ഹിസ്റ്ററി) പരീക്ഷകൾ സെപ്റ്റംബർ 1 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ സെപ്റ്റംബർ 6 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്.) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈ റ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ സെപ്റ്റംബർ 6 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ദ്വിവത്സര കോഴ്സ് – 2018 സ്കീം) റെഗുലർ ആന്റ് സപ്ലി മെന്ററി പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ സെപ്റ്റംബർ 6 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.പി.ഇ. (2020 സ്കീം) റെഗുലർ പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## യു.ഐ.ടി പ്രിൻസിപ്പാൾ – അഭിമുഖം

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ യു.ഐ.ടി. കളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം ആഗസ്റ്റ് 31 ന് കേരളസർവകലാശാല യുടെ പാളയം ക്യാമ്പസിൽ വച്ച് നടത്തുന്നു. അഭിമുഖത്തിന് ഹാജരാകുന്നതിനുള്ള മെമ്മോ ലഭി ച്ചവർ മെമ്മോയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളുമായി മെമ്മോയിൽ പറഞ്ഞിരി ക്കുന്ന സമയത്ത് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
27.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**